(സി) തടസ്സമൊന്നുമില്ല.

(ഡി) പരിശോധിക്കുന്നതാണ്.

(ഇ) ഇല്ല. കോമൺ സർവ്വീസ് റൂൾ നടപ്പിലാക്കുന്നതിനുള്ള കരട് ചട്ടം സപ്ലൈകോ മാനേജിംഗ് ഡയറക്ടറിൽനിന്നും ലഭിച്ചിട്ടില്ല.

(എഫ്) സപ്ലൈകോ ജീവനക്കാർക്കായി നാഷണൽ പെൻഷൻ സ്കീം (NPS) നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു.

(ജി) സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിന്റെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടില്ല. സപ്ലൈകോയിലെ ഡെപ്യൂട്ടേഷൻ നിർത്തലാക്കുന്നതിനായി സർക്കാർ കമ്മീഷനെ നിയോഗിച്ചിട്ടില്ല.

ഭക്ഷ്യസുരക്ഷാ പദ്ധതി

216(3101) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് പൂർത്തിയാക്കേണ്ട നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നടപടിക്രമങ്ങൾ യഥാസമയം പൂർത്തീകരിക്കാത്തതുമൂലം എ.പി.എൽ. സബ്സിഡി നഷ്ടമാകാൻ ഇടയുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) കേന്ദ്രം നിഷ്കർഷിച്ച സമയപരിധിക്കുള്ളിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യം കേന്ദ്രത്തെ യഥാസമയം അറിയിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) കേന്ദ്രം നിഷ്കർഷിച്ച മാനദണ്ഡങ്ങൾ അടിയന്തരമായി പൂർത്തീകരിച്ച് ഇതുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ള ആശങ്കകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013 നടപ്പിലാക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. ഭക്ഷ്യഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി നാല് കാര്യങ്ങൾ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തൽ
2. വാതിൽപ്പടി റേഷൻ വിതരണം
3. പൊതുവിതരണ രംഗത്ത് സമ്പൂർണ്ണ കമ്പ്യൂട്ടർവത്ക്കരണം
4. പരാതി പരിഹാര സംവിധാനം

ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരം മുൻഗണനാ വിഭാഗത്തെ കണ്ടെത്തേണ്ടതായിട്ടുണ്ട്. കുടുംബത്തിലെ 18 വയസ്സിൽ കുറയാത്ത വനിതാ അംഗത്തെ കുടുംബമേധാവി ആക്കിയാണ് റേഷൻ കാർഡുകൾ നൽകേണ്ടത്. ഇതിനായി ആവശ്യമായ വിവരശേഖരണം നടത്തുന്നതിനായി പ്രീ-പോപ്പുലേറ്റഡ് ഫോറം റേഷൻ കടകളിലൂടെ കാർഡുടമകൾക്ക് വിതരണം ചെയ്യുകയും ഫോട്ടോ എടുക്കുന്നതിനായി ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രീ-പോപ്പുലേറ്റഡ് ഫോറത്തിലൂടെ ലഭ്യമായ വിവരങ്ങൾ ഗുണഭോക്താക്കൾക്ക് കാണുവാൻ ഓൺലൈൻവഴി അവസരം നൽകിയിരുന്നു. എന്നാൽ ഇതിലൂടെ ലഭ്യമായ പ്രതികരണം കുറവായതിനാൽ ഡേറ്റാ എൻട്രി പ്രിന്റൗട്ടുകൾ കാർഡുടമകളുടെ പരിശോധനയ്ക്കായി അതാത് റേഷൻ കടകളിൽ ലഭ്യമാക്കിയതിൽ കാർഡുടമകൾ തിരുത്തൽ വരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഡേറ്റാ എൻട്രി ഇപ്പോൾ പൂർത്തീകരിച്ചുവരികയാണ്. ഡേറ്റാ എൻട്രി പൂർത്തിയാക്കി അർഹരായ കുടുംബങ്ങളുടെ കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ച് അതിന്മേൽ പരാതികളും ആക്ഷേപങ്ങളും സ്വീകരിച്ച് സോഷ്യൽ ആഡിറ്റ് കമ്മിറ്റി അർഹരായ കുടുംബങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതും തുടർന്ന് റേഷൻ കാർഡുകൾ അച്ചടിച്ച് വിതരണം ചെയ്യുന്നതുമാണ്. ഈ നടപടികൾ 2016 മാർച്ച് 31-നകം പൂർത്തിയാക്കി 1-4-2016 മുതൽ സംസ്ഥാനത്ത് ദേശീയ ഭക്ഷ്യഭദ്രതാ നിയമം പൂർണ്ണമായി നടപ്പിലാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുമ്പോൾ വാതിൽപ്പടി വിതരണം (റേഷൻകടകളിൽ നേരിട്ട് വകുപ്പിന്റെ മേൽനോട്ടത്തിൽ റേഷൻ സാധനങ്ങൾ എത്തിക്കൽ) നടത്തേണ്ടതുണ്ട്.

സംസ്ഥാനത്തെ റേഷൻ കടകൾ കമ്പ്യൂട്ടർവത്ക്കരിക്കുന്നതിന്റെ ഭാഗമായി എന്റ്-റ്റു-എന്റ് കമ്പ്യൂട്ടറൈസേഷൻ എന്ന പദ്ധതി നടപ്പിൽ വരുത്തുന്നതാണ്. തിരുവനന്തപുരം ജില്ലയിലെ 10 കടകളിലും എറണാകുളം ജില്ലയിലെ 7 കടകളിലും പരീക്ഷണാടിസ്ഥാനത്തിൽ ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീനുകൾ സ്ഥാപിക്കുകയും മറ്റ് ജില്ലകളിലേക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു. കെൽട്രോണിനെയാണ് എന്റ്-റ്റു-എന്റ് കമ്പ്യൂട്ടറൈസേഷന്റെ സിസ്റ്റം ഇന്റഗ്രേറ്ററായി നിയോഗിച്ചിട്ടുള്ളത്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുമ്പോൾ സ്റ്റേറ്റ് ഫുഡ് കമ്മീഷനും ജില്ലാതല പരാതി പരിഹാര സെല്ലും രൂപീകരിക്കേണ്ടതുണ്ട്. പരാതി പരിഹാര സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 101 തസ്തികകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013 നടപ്പിലാക്കുന്നതിനുള്ള സമയ പരിധിയായ 31-3-2016 വരെയുള്ള ഭക്ഷ്യധാന്യങ്ങൾ കേന്ദ്രം സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്. കേരളത്തിന് അർഹമായ സബ്സിഡി നഷ്ടപ്പെടുകയില്ല.

(സി) സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതുപ്രകാരം ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുന്നതിന് 31-3-2016 വരെ സമയം കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്.

(ഡി) പദ്ധതിയുടെ പ്രയോജനം കൃത്യമായി യഥാർത്ഥ ഗുണഭോക്താക്കളിലേക്ക് എത്തിക്കുവാൻ ആവശ്യമായ സമയം അനിവാര്യമാണ് ആയത് ആവശ്യപ്പെട്ടിട്ടുണ്ട്.

പൊതുവിപണിയിലെ വിലനിലവാരം

217(3103) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിപണിയിൽ ഉഴുന്ന്, സാമ്പാർപരിപ്പ്, പയർ, ചെറുപയർ, കടല തുടങ്ങിയവയുടെ വില കിലോയ്ക്ക്, നിലവിൽ എത്ര രൂപ വീതമാണ്;

(ബി) രൂക്ഷമായ വിലക്കയറ്റം നിയന്ത്രിക്കാൻ ഭക്ഷ്യവകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്, വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) 8-12-2015-ലെ പൊതുവിപണിയിൽ ഉഴുന്ന്, സാമ്പാർ പരിപ്പ്, പയർ, ചെറുപയർ, കടല തുടങ്ങിയവയുടെ വില കിലോയ്ക്ക് ഓരോ ജില്ലയിലെയും സംസ്ഥാന ശരാശരി വിലയും അനുബന്ധമായി ചേർക്കുന്നു.*

(ബി) രൂക്ഷമായ വിലക്കയറ്റമില്ല, ചില ഇനങ്ങൾക്ക് മാത്രമാണ് വർദ്ധനവുള്ളത്. പൊതുവിപണിയിൽ കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയുന്നതിന് ഭക്ഷ്യ പൊതുവിതരണ വകുപ്പ് ഉദ്യോഗസ്ഥർ മാത്രമായും പോലീസ്, ലീഗൽ മെട്രോളജി എന്നീ വകുപ്പുകളുമായും ചേർന്ന് പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് സംയുക്തമായി പരിശോധനകൾ നടത്തുന്നുണ്ട്. ഭക്ഷ്യ പൊതുവിതരണ വകുപ്പിൽ സംസ്ഥാന തലത്തിൽ വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിലും ജില്ലാ തലത്തിൽ ജില്ലാ സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും ശക്തമായ പരിശോധനകളും റെയ്ഡും നടത്തുന്നു. കൂടാതെ അവശ്യ സാധനങ്ങൾ ഉൾപ്പെടെ എല്ലാ സാധനങ്ങളുടെയും വില വർദ്ധനവ് തടയുന്നതിനായി പൊതുവിതരണ ശൃഖലയിലൂടെ ഭക്ഷ്യധാന്യങ്ങൾ സബ്സിഡി നിരക്കിൽ വിതരണം നടത്തുന്നു. മാത്രമല്ല സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റ്, ന്യായവില ഷോപ്പുകൾ, പീപ്പിൾസ് ബസാറുകൾ മുതലായവയിലൂടെ സബ്സിഡി നിരക്കിൽ പയറുവർഗ്ഗങ്ങളുടെ വിലക്കയറ്റം തടയുന്നതിനായി നിശ്ചിത അളവിൽ വിതരണം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly